ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,

dmekerala@gmail.com

ഫാക്സ് : 0471-2443080

അടിയന്തിരം

ഫോൺ: (ഓഫീസ് ) : 0471-2528575

ഡയറക്ടർ: 0471-2444011

മെഡിക്കൽകോളേജ്. പി.ഒ,

തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

നമ്പർ. ഡി.പി.സി.1/4569/2026/ മെ.വി.വ. തീയതി:28-06-2026

## പരിപത്രം

| | |
|---|---|
| വിഷയം : | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റി സെലക്ട് ലിസ്റ്റ് -ജീവനക്കാർക്ക് യഥാസമയം തന്നെ സ്ഥാനക്കയറ്റം ലഭിക്കുന്നതിനാവശ്യമായ നടപടികൾ-പൊതു നിർദ്ദേശങ്ങൾ - -സംബന്ധിച്ച് |

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റി മുഖേന സെലക്ട് ലിസ്റ്റ് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം ലഭിക്കേണ്ടതായ തസ്തികകളുടെ ഫീഡർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ചില ജീവനക്കാർ കോൺഫിഡൻഷ്യൽ റിപ്പോർട്ട് യഥാസമയം SCORE പോർട്ടലിൽ രേഖപ്പെടുത്താത്തതിനാലും ,ജീവനക്കാരിൽ നിന്ന് /പ്രസ്തുത ജീവനക്കാരുടെ ജീവനക്കാര്യം കൈകാര്യം ചെയ്യുന്ന ചില സെക്ഷനിൽ നിന്ന് ഡി പി സി കുറിപ്പ് തയ്യാറാക്കുന്നതിനാവശ്യമായ നിരീക്ഷണകാല സേവന പൂർത്തീകരണ പ്രഖ്യാപനം ( Order of Declaration of Probation),സ്ഥാനക്കയറ്റം പരിത്യജിക്കൽ രേഖകൾ ( Relinquishment Order/ Concent letter ), ഗവേഷണ പ്രബന്ധ പ്രസിദ്ധീകരണ സാക്ഷ്യപത്രങ്ങൾ (Research Publication Certificate), ട്രെയിനിംഗ് സാക്ഷ്യപത്രങ്ങൾ, ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസായതിന്റെ ( Lower/ Higher) രേഖകൾ തുടങ്ങിയവ യഥാസമയം ഡി പി സി സെക്ഷനിൽ ലഭിക്കാത്തതിനാലും ഡി പി സി കുറിപ്പ് തയ്യാറാക്കി യഥാസമയം സർക്കാരിൽ സമർപ്പിച്ച് സെലക്ട് ലിസ്റ്റ് ആക്കുന്നതിന് തടസം നേരിടുന്നുണ്ട്. സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്ന അവസരത്തിലോ ഡി പി സി കുറിപ്പ് തയ്യാറാക്കുന്ന അവസരത്തിലോ സമർപ്പിക്കാത്ത രേഖകൾ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്ന സമയത്ത് സമർപ്പിക്കുകയും അപ്രകാരം ലിസ്റ്റിന്റെ സാധുത കോടതികളിൽ ചോദ്യം ചെയ്ത് സ്ഥാനക്കയറ്റം അനിയന്ത്രിത കാലയളവിലേക്ക് ഇല്ലാതാകുന്നതും ശ്രദ്ധയിൽപ്പെടുന്നുണ്ട്. ഇത് കാരണം അത്തരം തസ്തികകളിൽ പോസ്റ്റ് ചെയ്യാൻ സാധിക്കാതെ വരുകയും ലിസ്റ്റിൽ ഉള്ള മറ്റ് ജീവനക്കാർക്ക്

യഥാസമയം അർഹമായ സ്ഥാനക്കയറ്റവും ആനുകൂല്യങ്ങളും ലഭിക്കാതിരിക്കാതാകുന്നത് ഇനിയും അനുവദിക്കാനാകാത്തതാണ്.ആയതിനാൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റി മുഖേന സെലക്ട് ലിസ്റ്റ് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം ലഭിക്കേണ്ടതായ തസ്തികകളിൽ സെലക്ട് ലിസ്റ്റ് തയ്യാറാക്കി ജീവനക്കാർക്ക് യഥാസമയം തന്നെ സ്ഥാനക്കയറ്റം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സുഗമമാക്കുന്നതിനായി ചുവടെ പറയുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി പരിപത്രം ഇതിനാൽ പുറപ്പെടുവിക്കുന്നു .

1. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഡി.പി.സി കൂടി സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട് സ്ഥാനക്കയറ്റം ലഭിക്കേണ്ടതായ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർ തങ്ങളുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ SCORE (State Confidential Reporting and Reviewing system) സോഫ്റ്റ് വെയർ മുഖേന കൃത്യസമയത്ത് തന്നെ സമർപ്പിക്കേണ്ടതാണ്.
2. സ്ഥാനക്കയറ്റത്തിന് പരിഗണിക്കപ്പെടേണ്ടതായ യോഗ്യത/മറ്റു വിവരങ്ങൾ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന വിവരം കരട് സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ തന്നെ ജീവനക്കാർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
3. കരട് സീനിയോരിറ്റി ലിസ്റ്റിൽ സ്ഥാനക്കയറ്റത്തിന് പരിഗണിക്കപ്പെടേണ്ടതായ യോഗ്യത/മറ്റ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്ത പക്ഷം അനുബന്ധ രേഖകൾ ഈ കാര്യാലയത്തിലെ ജീവനക്കാര്യം കൈകാര്യം ചെയ്യുന്ന ബന്ധപ്പെട്ട സെക്ഷനിൽ നൽകി ഫൈനൽ സീനിയോരിറ്റി ലിസ്റ്റിൽ അവ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
4. കരട് സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുൻപ് ലഭിച്ചതും എന്നാൽ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതുമായ വിവരങ്ങൾ/ യോഗ്യതകൾ ഉള്ള പക്ഷം ആയത് ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ച സീനിയോരിറ്റി ലിസ്റ്റ് ലഭിച്ചതിനുശേഷം മാത്രമേ പ്രസ്തുത ജീവനക്കാരെ ഡി.പി.സി സെലക്ട് ലിസ്റ്റിലേക്ക് പരിഗണിക്കുകയുള്ളൂ.
5. സ്ഥാനക്കയറ്റം ലഭിക്കുന്നതിന് ഡി.പി.സി കൂടി സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിനാവശ്യമായ രേഖകൾ/സർട്ടിഫിക്കറ്റുകൾ ജീവനക്കാർ സമയബന്ധിതമായി ഡി.പി.സി സെക്ഷനിൽ നൽ കേണ്ടതാണ്. ആയവ യഥാസമയം നൽകാത്ത ജീവനക്കാരെ ആ വർഷത്തെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതായിരിക്കുമെന്നും പിന്നീട് ഒരു കൂട്ടിച്ചേർക്കൽ അനുവദിക്കുകയില്ല എന്നും ഇതിനാൽ അറിയിച്ച് കൊള്ളുന്നു.
6. സ്ഥാനക്കയറ്റം പരിത്യജിക്കുന്ന(Relinguishment) ജീവനക്കാർ പ്രസ്തുത വിവരം നിശ്ചിത

അപേക്ഷയിൽ നിലവിൽ ജോലി ചെയ്യുന്ന ഓഫീസ് മുഖാന്തിരം ഈ കാര്യാലയത്തിൽ യഥാസമയം ലഭ്യമാക്കേണ്ടതാണ്.

7. സ്ഥാനക്കയറ്റം താൽക്കാലികമായി പരിത്യജിക്കുന്ന ജീവനക്കാരെ പരിത്യജിക്കൽ കാലയളവ് കഴിഞ്ഞുള്ള ഒഴിവുകളിലേക്ക് മാത്രമേ പരിഗണിക്കുകയുള്ളൂ.
8. ഡി.പി.സി കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കേണ്ടതായ തസ്തികകളുടെ ജീവനക്കാര്യം കൈകാര്യം ചെയ്യുന്ന സെക്ഷനുകൾ ആ വർഷം സെപ്റ്റംബർ 30 നകം തന്നെ അടുത്ത വർഷത്തേയ്ക്കുള്ള മുഴുവൻ പ്രതീക്ഷിത ഒഴിവുകകളും ഡി.പി.സി സെക്ഷനിൽ കർശനമായും അറിയിക്കേണ്ടതാണ്.
9. ജീവനക്കാര്യം കൈകാര്യം ചെയ്യുന്ന സെക്ഷനുകൾ സീനിയോറിറ്റി ലിസ്റ്റുകൾ ഇ-ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ഓരോ തസ്തികയുടേയും ഒഴിവുകൾ നികത്തുന്നതിന് ഇ- ഗസറ്റിൽ പ്രസിദ്ധീകരിച്ച അപ്ഡേറ്റഡ് സീനിയോരിറ്റി ലിസ്റ്റ് യഥാസമയം ഡി.പി.സി സെക്ഷന് ലഭ്യമാക്കേണ്ടതുമാണ്.
10. സീനിയോരിറ്റി ലിസ്റ്റിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആണ് ഡി.പി.സി കുറിപ്പുകൾ തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുന്നതെന്നതിനാൽ സീനിയോരിറ്റി ലിസ്റ്റിൽ ഡി.പി.സി കുറിപ്പിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നതും അതിന്റെ കൃത്യതയും ബന്ധപ്പെട്ട സെക്ഷനുകൾ ഉറപ്പുവരുത്തേണ്ടതാണ്.
11. സ്ഥാനക്കയറ്റം പരിത്യജിക്കുന്ന ജീവനക്കാരുടെ വിവരങ്ങൾ, അനുബന്ധ രേഖകൾ, ഉത്തരവുകൾ എന്നിവ പ്രസ്തുത ജീവനക്കാരുടെ ജീവനക്കാര്യം കൈകാര്യം ചെയ്യുന്ന സെക്ഷനുകൾ യഥാസമയം തന്നെ ഡി പി സി സെക്ഷനിൽ ലഭ്യമാക്കേണ്ടതാണ്.
12. ജീവനക്കാർ കേരളം സ്റ്റേറ്റ്& സബോർഡിനേറ്റ് സർവീസ് റൂൾസിലെ റൂൾ 38 പ്രകാരം സ്ഥാനക്കയറ്റം പരിത്യജിക്കുകയാണെങ്കിൽ ആയത് 7/12/1991ലെ ജി ഒ (പി ) നം .39.91/പി & എ ആർ ഡി നമ്പർ സർക്കാർ ഉത്തരവിലെ 3(iii)(iv) വ്യവസ്ഥ പാലിയ്ക്കുന്നതാണെന്ന് ജീവനകാര്യം കൈകാര്യം ചെയ്യുന്ന സെക്ഷനുകൾ ഉറപ്പ് വരുത്തേണ്ടതാണ്.
13. 10.12.2004ലെ ജി ഒ (പി ) നം 20/2004/ പി &എ ആർ ഡി നമ്പർ സർക്കാർ ഉത്തരവിലെ പാരഗ്രാഫ് 5(1) പ്രകാരമുള്ള അപേക്ഷ ലഭിയ്ക്കുന്ന പക്ഷം ആയത് ജീവനക്കാര്യം കൈകാര്യം ചെയ്യുന്ന സെക്ഷൻ സമയ ബന്ധിതമായി തന്നെ ഡി പി സി സെക്ഷനെ അറിയിക്കേണ്ടതാണ്
14. സെലക്ട് ലിസ്റ്റിൽ നിന്നും സ്ഥാനക്കയറ്റം ലഭിയ്ക്കുന്ന ജീവനക്കാരുടെ ഉത്തരവിന്റെ പകർപ്പുകൾ ജീവനക്കാര്യം കൈകാര്യം ചെയ്യുന്ന സെക്ഷൻ യഥാസമയം ഡി പി സി സെക്ഷന് നൽകേണ്ടതാണ്

Dr Viswanathan K V

DIRECTOR

സ്വീകർത്താവ്,

1) പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ് /ദന്തൽ കോളേജ്/നഴ്സിംഗ് കോളേജ്, തിരുവനന്തപുരം/കൊല്ലം/കോന്നി/കോട്ടയം/ആലപ്പുഴ/ എറണാകുളം/തൃശ്ശൂർ/ കോഴിക്കോട്/ വയനാട് /മഞ്ചേരി /കണ്ണൂർ/ കാസറഗോഡ് /ഇടുക്കി/ പാലക്കാട് /പത്തനംതിട്ട

2. ഡയറക്ടർ, കണ്ണാശുപത്രി, തിരുവനന്തപുരം

3. പ്രിൻസിപ്പൽ, അപെക്സ് ട്രോമ ആന്റ് എമർജൻസി ലേർണിംഗ് സെന്റർ, തിരുവനന്തപുരം

4) സൂപ്രണ്ട്, ഇ/എഫ്/ജി/ജെ/എച്ച് സെക്ഷൻ ,മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം, തിരുവനന്തപുരം

(ഡി പി സി സെലക്ട് ലിസ്റ്റ് മുഖാന്തിരം സ്ഥാനക്കയറ്റം ലഭിക്കേണ്ട എല്ലാ വിഭാഗം ജീവനക്കാരിൽ നിന്നും ഈ പരിപത്രത്തിന്റെ കൈപ്പറ്റ് രസീത് സൂക്ഷിക്കേണ്ടതാണ്)

പകർപ്പ്

1) ഡി എം ഇ യുടെ സി എ /ജെ ഡി എം ഇ യുടെ സി എ /ജെ ഡി എൻ ഇ യുടെ സി എ /സ്പെഷ്യൽ ഓഫസറുടെ സി എ /സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ /അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

2.ഓഫിസ് കോപ്പി